**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4252** **28-10-2021 - ൽ മറുപടിയ്ക്ക്**

**അനധികൃത ക്വാറികളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ.പി. കെ. ബഷീർ ,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | രാഷ്ട്രീയ കക്ഷികളുടേയും പോലീസ് ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥന്മാരുടെയും മൗനാനുവാദത്തോടെ അനധികൃത ക്വാറികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ പരിശോധന നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിയമവ്യവസ്ഥയ്ക്ക് വിധേയമല്ലാതെ ഏതെങ്കിലും ക്വാറികൾ പ്രവർത്തിക്കുന്നുവെന്ന് തെളിഞ്ഞാൽ അതിനെതിരെ മൈൻസ് & മിനറൽ (ഡെവലപ്പ്മെന്റ് & റഗുലേഷൻ) ആക്ടിലെയും, കെ.എം.എം.സി. ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ കർശനമായ നിയമനടപടികൾ സ്വീകരിക്കുവാനുള്ള സംവിധാനം നിലവിലുണ്ട്. |
| (ബി) | എങ്കിൽ ഇത്തരം ക്വാറികൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിയമവ്യവസ്ഥയ്ക്ക് വിധേയമല്ലാതെ ഏതെങ്കിലും ക്വാറികൾ പ്രവർത്തിക്കുന്നുവെന്ന് തെളിഞ്ഞാൽ അതിനെതിരെ മൈൻസ് & മിനറൽ (ഡെവലപ്പ്മെന്റ് & റഗുലേഷൻ) ആക്ടിലെയും, കെ.എം.എം.സി. ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ കർശനമായ നിയമനടപടികൾ സ്വീകരിക്കുവാനുള്ള സംവിധാനം നിലവിലുണ്ട്. |
| (സി) | ക്വാറിയിംഗ് പ്രവർത്തനത്തിന് ആവശ്യമായ സ്ഫോടക വസ്തുക്കൾ നിയമാനുസൃതമായ പരിധിയ്ക്കപ്പുറം കൈവശം വയ്ക്കുന്നത് പരിശോധിക്കാറുണ്ടോ; വിശദമാക്കാമോ? | (സി) | ക്വാറികളിൽ ക്വാറിയിംഗ് പ്രവർത്തനത്തിന് ആവശ്യമായ സ്ഫോടക വസ്തുക്കൾ നിയമാനുസൃതമായ പരിധിക്കപ്പുറം കൈവശം വയ്ക്കുന്നുണ്ടോയെന്ന് പോലീസ് വകുപ്പ് കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുകയും നിയമാനുസൃതം കൈവശം സൂക്ഷിക്കാവുന്ന സ്ഫോടകവസ്തുക്കളുടെ അളവും സ്റ്റോക്ക് രജിസ്റ്ററുമായി ഒത്തുനോക്കുകയും ചെയ്യാറുണ്ട്. |

സെക്ഷൻ ഓഫീസർ